### മുഖ്യമന്ത്രിയുടെ ഫ്ളക്സ് കീറിയ യൂത്ത് കോൺഗ്രസ് നേതാവ് അറസ്റ്റിൽ

കണ്ണൂർ: യൂത്ത് കോൺഗ്രസ് കലക്ടറേറ്റ് മാർച്ചിനിടയിലുണ്ടായ സംഘർഷത്തിൽ മുഖ്യമന്ത്രിയുടെ ഫ്ളക്സ് ബോർഡ് കീറിയ കേസിൽ തളിപ്പറമ്പ് ബ്ലോക്ക് സെക്രട്ടറി പി.ആർ. സനീഷിനെ പൊലീസ് അറസ്റ്റ് ചെയ്തു. എൽ.ഡി.എഫ് സർക്കാരിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി സ്ഥാപിച്ച മുഖ്യമന്ത്രിയുടെ ചിത്രമുള്ള ബോർഡ് കീറിയെന്ന കേസിലാണ് നടപടി. സനീഷിനെ മയ്യിൽ സ്റ്റേഷനിലേക്ക് വിളിച്ചുവരുത്തി കസ്റ്റഡിയിലെടുത്ത ശേഷം കണ്ണൂർ ടൗൺ പൊലീസ് അറസ്റ്റ് ചെയ്യുകയായിരുന്നു. കണ്ണൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി ജാമ്യത്തിൽ വിട്ടയച്ചു. സ്ഥലത്തിന്റെ രേഖകൾ പരിശോധിക്കാനെന്ന വ്യാജേനയാണ് സനീഷിനെ സ്റ്റേഷനിലേക്ക് വിളിപ്പിച്ചതെന്നും മലപ്പട്ടം സംഭവത്തിൽ സി.പി.എമ്മിനുണ്ടായ രാഷ്ട്രീയമായ തിരിച്ചടിക്കെതിരെ പൊലീസിനെ ഉപയോഗിച്ച് ഭീകരത സൃഷ്ടിക്കുകയാണെന്നും യൂത്ത് കോൺഗ്രസ് ആരോപിച്ചു.

സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com | വാള്യം: 60 | ലക്കം: 64 | 2025 മെയ് 23 വെള്ളി | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in

# ഇന്ത്യൻ വിദ്യാർത്ഥികൾക്ക് കനത്ത തിരിച്ചടി

## പുതിയ തീരുമാനം അനുസരിച്ചില്ലെങ്കിൽ നിയമനടപടി നേരിടേണ്ടി വരുമെന്ന് ട്രംപ്



വാഷിംഗ്ടൺ: ട്രംപ് ഭരണകൂടത്തിന്റെ പുതിയ നീക്കം ഹാർവാർഡ് സർവകലാശായിലുള്ള 6,800ൽ പരം വിദേശ വിദ്യാർത്ഥികൾക്കാണ് തിരിച്ചടിയായിരിക്കുന്നത്. ഇന്നലെയാണ് ഹാർവാർഡ് സർവകലാശാലയിൽ വിദേശ വിദ്യാർത്ഥികളുടെ പ്രവേശനം വിലക്കുന്നുവെന്ന വിവരം ട്രംപ് ഭരണകൂടം പുറത്തുവിട്ടത്. ഇന്ത്യയിൽ നിന്നുമാത്രം 800ൽ അധികം വിദ്യാർത്ഥികളാണ് ഹാർവാർഡ് സർവകലാശാലയിൽ പഠിക്കുന്നത്. ഭരണകൂടത്തിന്റെ പുതിയ നീക്കം വിവിധ രാജ്യങ്ങളിൽ നിന്ന് ഹാർവാർഡിലേക്കെത്തിയ വിദ്യാർത്ഥികളെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്.

സർവകലാശാലയിലെ രേഖകളിലെ വിവരങ്ങൾ അനുസരിച്ച്, ഓരോ വർഷവും ഇന്ത്യയിൽ നിന്നുള്ള 800ൽ അധികം വിദ്യാർത്ഥികളും സ്കോളർമാരുമാണ് ഹാർവാർഡിൽ വിവിധ കോഴ്സുകളിൽ ചേരുന്നത്. നിലവിൽ 799 ഇന്ത്യൻ വിദ്യാർത്ഥികളാണ് ഇവിടെ പഠിക്കുന്നത്. അതിൽ കൂടുതൽ പേരും ബിരുദ കോഴ്സുകളിലാണ് ചേർന്നിരിക്കുന്നത്. ഭരണകൂടത്തിന്റെ പുതിയ നിയമം പ്രാബല്യത്തിൽ വന്നാൽ, അമേരിക്കയിൽ തുടരാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ മറ്റൊരു സ്ഥാപനത്തിലേക്ക് മാറുകയോ ഇല്ലെങ്കിൽ നിയമപരമായ നടപടികൾ നേരിടേണ്ടി വരുമെന്നും അറിയിച്ചിട്ടുണ്ട്.

സർവകലാശാലയെക്കുറിച്ച് ആഭ്യന്തര സുരക്ഷാ വകുപ്പ് നടത്തുന്ന അന്വേഷണത്തിന്റെ ഭാഗമായാണ് പുതിയ തീരുമാനമെന്നും ഭരണകൂടം അറിയിച്ചിട്ടുണ്ട്. ആഭ്യന്തര സുരക്ഷാ സെക്രട്ടറി ക്രിസ്റ്റി നോയിം ഹാർവാർഡ് സർവകലാശാലയ്ക്ക് ഇതുമായി ബന്ധപ്പെട്ട് കത്ത് അയച്ചിട്ടുണ്ട്. 'അക്രമം, ജൂതവിരുദ്ധത, ക്യാമ്പസുകളിൽ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി എന്നിവയുമായി ചേർന്ന് പ്രവർത്തിച്ചതിന്റെ ഉത്തരവാദിത്തം ഹാർവാർഡ് സർവകലാശാലയ്ക്കാണ്. വിദേശവിദ്യാർത്ഥികളുടെ സർവകലാശാലയിലേക്കുള്ള പ്രവേശനം അവകാശമല്ല, അതൊരു പ്രത്യേകഅവകാശമാണെന്നും'– അവർ എക്സിൽ കുറിച്ചു. കൂടാതെ അടുത്ത അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികളുടെ എക്സ്ചേയ്ഞ്ച് വിസിറ്റർ പ്രോഗ്രാം സർട്ടിഫിക്കറ്റ് വീണ്ടെടുക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിനായുള്ള വിവരങ്ങൾ 72 മണിക്കൂറിനുള്ളിൽ നൽകണമെന്നും ക്രിസ്റ്റി നോയിം അയച്ച കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ട്രംപ് ഭരണകൂടത്തിന്റെ പുതിയ നീക്കം നിലവിലെ സർവകലാശാലയിലുള്ള വിദേശ വിദ്യാർത്ഥികൾ മറ്റേതെങ്കിലും കേന്ദ്രങ്ങളിൽ മാറുന്നതിനോ അവരുടെ നിയമപരമായ പദവി നഷ്ടപ്പെടുകയോ ചെയ്യുമെന്ന് ഹോംലാൻഡ് സെക്യൂരിറ്റി വകുപ്പ് അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട് ഹാർവാർഡ് സർവകലാശാലയും പ്രതികരണം രേഖപ്പെടുത്തിയിട്ടുണ്ട്. സർവകലാശാലയ്ക്ക് ഗുരുതരമായ പ്രത്യാഘാതങ്ങൾ വരുത്തിവയ്ക്കുന്ന നടപടിയാണ് ട്രംപ് ഭരണകൂടത്തിന്റേതെന്ന് സർവകലാശാല പ്രസ്താവനയിൽ വ്യക്തമാക്കി. 'ഭരണകൂടത്തിന്റെ നീക്കം നിയമപരമല്ല. 140ൽ അധികം രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കും സ്കോളർമാർക്കും പ്രവേശനം നൽകാനും രാജ്യത്തെ സമ്പന്നമാക്കാനും സർവകലാശാല പ്രതിജ്ഞാബദ്ധമാണ്'– പ്രസ്താവനയിൽ പറയുന്നു.

ട്രംപ് ഭരണകൂടത്തിന്റെ നടപടി ഹാർവാർഡിലെ 6800 വിദേശ വിദ്യാർത്ഥികളെ ബാധിക്കുമെന്നാണ് റിപ്പോർട്ട്. ഇന്ത്യയിൽ നിന്നടക്കം നിരവധി വിദ്യാർത്ഥികൾ പഠിക്കുന്ന സർവകലാശാലകളിലൊന്നാണ് ഹാർവാർഡ്. കഴിഞ്ഞ വർഷം മാത്രം 6700 വിദേശ വിദ്യാർത്ഥികളാണ് ഹാർവാർഡിൽ പ്രവേശനം നേടിയിട്ടുള്ളത്.

നേരത്തെ ഹാർവാർഡ് സർവകലാശാലക്കുള്ള ഭരണകൂടത്തിന്റെ ധനസഹായം ഡൊണാൾഡ് ട്രംപ് തടഞ്ഞിരുന്നു. കോഴ്സ് പ്രവേശന നടപടികളിൽ അടക്കം ഇടപെടാനുള്ള ട്രംപിന്റെ നീക്കം സർവകലാശാല തടഞ്ഞതോടെയായിരുന്നു ഈ പ്രതികാര നടപടി. തന്റെ ആവശ്യങ്ങൾ അംഗീകരിക്കുന്ന വരെ 200 കോടി ഡോളർ സഹായം നൽകില്ലെന്ന് ട്രംപ് വിശദമാക്കിയിരുന്നു.

## ഡൽഹി സർവകലാശാലയിൽ മുന്നറിയിപ്പില്ലാതെ സന്ദർശനം നടത്തി രാഹുൽ

ന്യൂഡൽഹി: ഡൽഹി സർവകലാശാലയിൽ വീണ്ടും മുന്നറിയിപ്പില്ലാതെ സന്ദർശനം നടത്തി ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. മുന്നറിയിപ്പില്ലാതെയുള്ള രാഹുലിന്റെ സന്ദർശനത്തെ വിമർശിച്ച് സർവകലാശാലാ അധികൃതർ രംഗത്തെത്തി. ബന്ധപ്പെട്ട അധികൃതരെ മുൻകൂട്ടി അറിയിക്കാതെ രാഹുൽ എത്തുന്നത് ഇത് രണ്ടാംതവണയാണെന്ന് സർവകലാശാല പ്രൊജക്ടർ പ്രൊഫസർ രജനി അബ്ബി പ്രസ്താവനയിൽ അറിയിച്ചു.

സന്ദർശനത്തെ സർവകലാശാല അപലപിക്കുകയും അദ്ദേഹം സർവകലാശാലയിലെത്തിയതിനു പിന്നാലെ ഉടലെടുത്ത സംഭവ വികാസങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്തുകൊണ്ട് സർവകലാശാല ഓഫീസ് ഔദ്യോഗിക പത്രക്കുറിപ്പുമിറക്കി. ഒരറിയിപ്പും നൽകാതെയെത്തിയ രാഹുൽ ഒരു മണിക്കൂറോളം ഡൽഹി യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് യൂണിയൻ ഓഫീസിൽ തങ്ങി. സംഭവത്തിൽ ഉൾപ്പെട്ട വിദ്യാർഥികൾക്കെതിരേ കർശന നടപടി സ്വീകരിക്കുമെന്നും പത്രക്കുറിപ്പിലുണ്ട്. രാഹുലിന്റെ സന്ദർശനത്തെ ബിജെപിയുടെ ഐടി സെൽ മേധാവി അമിത് മാളവ്യ പരിഹസിച്ചു.

## 'മായാവിയിലെ മമ്മൂട്ടിയെ പോലെ ചെയ്യുന്നതെല്ലാം അദൃശ്യമാക്കാൻ പറ്റില്ല'

## റോഡ് തകർന്നത് ദൗർഭാഗ്യകരമെന്ന് മന്ത്രി റിയാസ്



തിരു : ദേശീയപാത 66 നിർമാണത്തിനിടെ തകർന്ന സംഭവം ദൗർഭാഗ്യകരമെന്നും എന്താണ് സംഭവിച്ചതെന്ന് ദേശീയ പാത അതോറിറ്റി അന്വേഷണം നടത്തി കണ്ടെത്തണമെന്നും പൊതുമരാമത്ത് വകുപ്പ് മന്ത്രി പിഎ മുഹമ്മദ് റിയാസ്. പല പ്രതിസന്ധികളും മറികടന്നാണ് ദേശീയപാത നിർമാണത്തിലേക്ക് സർക്കാർ കടന്നത്. നിർമാണത്തിന്റെ പരിപൂർണ ഉത്തരവാദിത്തം ദേശീയ പാത അതോറിറ്റിക്കാണെന്നും അദ്ദേഹം ഒരു മാദ്ധ്യമത്തോട് പറഞ്ഞു.

'ദൗർഭാഗ്യകരമായ ഒരു സംഭവം നടന്നപ്പോൾ ദാ കിട്ടിപ്പോയെന്ന് പറഞ്ഞ് യുഡിഎഫ് നേതാക്കൾ ചാടിവീഴുകയാണ്. അവർ റോഡ് തകർച്ച ആഘോഷമാക്കി മാറ്റുകയാണ്. കൊവിഡ് കാലത്തും പ്രതിപക്ഷം ഇതേ നിലപാടിലായിരുന്നു. ഭരിക്കുമ്പോൾ ദേശീയപാത നിർമാണം നടപ്പാക്കാൻ ത്രാണിയില്ലാത്തവരാണ് ഇപ്പോൾ വിമർശിക്കുന്നത്. മായാവി സിനിമയിലെ മമ്മൂട്ടിയെപ്പോലെ ചെയ്യുന്നതെല്ലാം അദൃശ്യമാക്കാൻ പറ്റില്ല. സർക്കാർ ചെയ്യുന്നത് ജനങ്ങളിലെത്തിക്കാൻ പാർട്ടി പ്രവർത്തകർ സ്വയം മാദ്ധ്യമപ്രവർത്തകരാകും.

സർക്കാർ പരസ്യം നൽകും. റീൽസ് തയ്യാറാക്കി ഷെയർ ചെയ്യുകയും ചെയ്യും. മുഖ്യമന്ത്രി കൃത്യമായ ഏകോപനം നടത്തുന്നുണ്ട്. തകർന്ന റോഡിലെ ഭൂമി ഏറ്റെടുക്കലിലെ പ്രശ്നമടക്കം ഓരോ ഘട്ടത്തിലും യോഗം ചേർന്ന് ചർച്ച ചെയ്തിട്ടുണ്ട്. പദ്ധതി കൃത്യമായി പൂർത്തിയാക്കണമെന്ന് മാത്രമാണ് സംസ്ഥാനത്തിന്റെ താൽപ്പര്യം. എന്തൊക്കെ വീഴ്ചകളുണ്ടോ അതെല്ലാം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്', മന്ത്രി റിയാസ് പറഞ്ഞു.

കനത്ത മഴയെത്തുടർന്നാണ് തൃശൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ പലയിടത്തും ദേശീയപാത 66 തകർന്നത്. കാസർകോട്ട് കാഞ്ഞങ്ങാട് മാവുങ്കാലിലും ചെമ്മട്ടംവയലിനുമിടയിലെ സർവീസ് റോഡ് ഇടിഞ്ഞുതാണു. ഇതേഭാഗത്ത് ദേശീയപാതയിൽ 20 മീറ്ററോളം നീളത്തിൽ വലിയ വിള്ളലുണ്ടായി. തൃശൂരിൽ ചാവക്കാട് മണത്തല ശ്രീവിശ്വനാഥ ക്ഷേത്രത്തിന് സമീപത്തെ അടിപ്പാതയുടെ മുകളിലെ പാലത്തിൽ അമ്പതോളം മീറ്റർ നീളത്തിൽ വിള്ളൽ രൂപപ്പെട്ടു.

കോഴിക്കോട് കൊയിലാണ്ടിയിൽ ദേശീയപാതയോട് ചേർന്ന് കുന്ന്യോറമലയിൽ മണ്ണിടിച്ചിൽ തടയാൻ സോയിൽ നെയിലിംഗ് നടത്തിയ ഭാഗത്ത് വിള്ളലുണ്ടായി. മലയിടിച്ചാണ് ദേശീയപാത നിർമ്മിച്ചത്. കണ്ണൂർ തളിപ്പറമ്പ് കുപ്പത്ത് ദേശീയപാതയിൽ മണ്ണിടിഞ്ഞു. മണ്ണും ചെളിവെള്ളവും സമീപത്തെ വീടുകളിലേക്ക് ഒഴുകിയെത്തി. കാഞ്ഞങ്ങാട്ട് സർവീസ് റോഡ് തകർന്നതിനെ തുടർന്ന് വാഹനങ്ങൾ വഴിതിരിച്ചുവിട്ടു. ഇവിടെ ഓവുചാൽ പണികൾ പൂർത്തിയായിരുന്നില്ല. മഴയത്ത് കുത്തിയൊലിച്ചെത്തിയ വെള്ളത്തിൽ റോഡ് ഇടിയുകയായിരുന്നു. ചാവക്കാട് മണത്തലയിലെ പാലത്തിൽ ടാറിംഗ് പൂർത്തിയായ ഭാഗത്താണ് ആഴത്തിൽ വിള്ളലുണ്ടായത്. വീണ്ടും ടാറിട്ട് വിള്ളൽ അടയ്ക്കാൻ അധികൃതർ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. സംഭവത്തെത്തുടർന്ന് പലയിടത്തും നാട്ടുകാർ ദേശീയപാത ഉപരോധിച്ചു.

## വേടനെതിരെ ശശികല പറഞ്ഞത് ഏറെമോശം തെറിവാക്കെന്ന് രാഹുൽ ഈശ്വർ

കൊച്ചി: വേടനെ അധിക്ഷേപിക്കാൻ ഹിന്ദു ഐക്യവേദി നേതാവ് കെ.പി. ശശികല ഉപയോഗിച്ച തെറിവാക്ക് വളരെ മോശമാണെന്നും അത് പിൻവലിക്കണമെന്നും ശബരിമല തന്ത്രി കുടുംബാംഗം രാഹുൽ ഈശ്വർ. ആരുടെ വായിൽ നിന്നായാലും വന്നുകൂടാത്ത ഒരു വാക്കാണതെന്നും രാഹുൽ ഈശ്വർ ചാനൽ ചർച്ചയിൽ പറഞ്ഞു.

'വേടന്റെ ആശയത്തോട് നേരെ എതിരുനിൽക്കുന്നയാളാണ് ഞാൻ. ഞാൻ ഒരു സവർണ ഹിന്ദു വലതുപക്ഷ പ്രവർത്തകനാണ്. വേടൻ എന്റെ നേരെ എതിർപക്ഷത്തു നിൽക്കുന്നയാളാണ്. പക്ഷേ, വേടനോട് എനിക്ക് ഇഷ്ടമാണ്, ബഹുമാനമാണ്. കഴിവുള്ള വ്യക്തിയാണ്. അതുപോലെ ശശികല ടീച്ചറിനോടും ബഹുമാനമുണ്ട്. പക്ഷേ, ശശികല ടീച്ചർ ഉപയോഗിച്ച വാക്ക് ഒരുകാരണവശാലും ആരും ഉപയോഗിച്ചു കൂടാത്ത വാക്കാണ്. ടീച്ചർ ഒരു അമ്മയാണ്, അധ്യാപികയാണ്. ആ വാക്ക് ഉപയോഗിക്കരുത്. വേടൻ ഉപയോഗിച്ച തമിഴ് വാക്കിനേക്കാൾ മോശമാണത്. ഇത് രണ്ടും തമ്മിൽ താരതമ്യം ചെയ്യാൻ പോലും പറ്റില്ല. സ്ത്രീ വിരുദ്ധവും ഇംഗ്ലീഷിൽ ഉപയോഗിക്കുന്ന മോശം തെറിവാക്കിന്റെ മറ്റൊരു രൂപവുമാണ് ശശികല ഉപയോഗിച്ചത്. ഒരു സ്ത്രീയുടെ വായിൽനിന്നോ മറ്റൊരുടെയും വായിൽനിന്നോ ഉപയോഗിക്കാൻ പാടില്ലാത്ത വാക്കാണ്' -രാഹുൽ ഈശ്വർ പറഞ്ഞു

## പകൽവെളിച്ചത്തിലും ഭീകര പ്രവർത്തനം; പാക്ഭരണകൂടവും സൈന്യവും അതിൽ പങ്കാളികൾ–എസ്. ജയശങ്കർ

ന്യൂഡൽഹി: പാകിസ്താൻ സൈന്യത്തിനെതിരേ രൂക്ഷ വിമർശനവുമായി വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. അതിർത്തികടന്നുള്ള ഭീകരതയിൽ കഴുത്തറ്റം അവർ ഉൾപ്പെട്ടിരിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. പകൽവെളിച്ചത്തിൽ പ്രവർത്തിക്കുന്ന കുപ്രസിദ്ധ തീവ്രവാദികൾ പ്രവർത്തിക്കുന്ന രാജ്യമാണ് പാകിസ്താനെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഡച്ച് മാധ്യമമായ ഡി വോൾക്സ് ക്രാന്റിന് വ്യാഴാഴ്ച നൽകിയ അഭിമുഖത്തിലാണ് പാകിസ്താനെതിരേ രൂക്ഷ വിമർശനം ഉന്നയിച്ചത്.

പാകിസ്താനിൽ ഭീകരവാദികൾ പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം ഭരണകൂടത്തിനറിയില്ലെന്ന കാര്യം അദ്ദേഹം തള്ളി. സൈന്യവും ഭരണകൂടവും തീവ്രവാദ പ്രവർത്തനങ്ങളിൽ പങ്കാളികളാണെന്നും അദ്ദേഹം പറഞ്ഞു.

യുഎൻ ഉപരോധമേർപ്പെടുത്തിയ കുപ്രസിദ്ധ ഭീകരവാദികളെല്ലാം പാകിസ്താനിലാണ്.



വലിയ നഗരങ്ങളിൽ പകൽവെളിച്ചത്തിലാണ് അവർ പ്രവർത്തിക്കുന്നത്. അവരുടെ വിലാസങ്ങൾ അറിയാം. പ്രവർത്തനങ്ങൾ അറിയാം. അവരുടെ ബന്ധങ്ങളുമറിയാം – എസ്. ജയ്ശങ്കർ പറഞ്ഞു.

ഏപ്രിൽ 22–ന് പഹൽഗാമിൽ 26 പേർ കൊല്ലപ്പെടാനിടയായ ഭീകരാക്രമണത്തിന് മറുപടിയായാണ് മേയ് ഏഴാം തീയതി ഇന്ത്യ ഓപ്പറേഷൻ സിന്ദൂർ നടത്തിയത്. പാകിസ്താന്റെ നിയന്ത്രണത്തിലുള്ള പ്രദേശങ്ങളിലെ 9 ഭീകര കേന്ദ്രങ്ങളാണ് ഇന്ത്യൻ സൈന്യം തകർത്തത്.

## കോഴക്കേസ്: ചോദ്യം ചെയ്യലിന് ഇഡി 'ഏജന്റുമാർ' ഹാജരായി

കൊച്ചി: കേസൊതുക്കാൻ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) ഉദ്യോഗസ്ഥർ കോഴ വാങ്ങി എന്ന കേസിൽ അറസ്റ്റിലായ ചാർട്ടേർഡ് അക്കൗണ്ടന്റ് രഞ്ജിത് വാര്യർ, ഏജന്റുമാർ എന്നറിയപ്പെടുന്ന വിൽസൺ, മുകേഷ് എന്നിവർ കൊച്ചി വിജിലൻസ് ഓഫീസിൽ ചോദ്യം ചെയ്യലിന് ഹാജരായി. കോടതി നിർദേശ പ്രകാരമാണ് പ്രതികൾ ചോദ്യം ചെയ്യലിന് ഹാജരായത്.

ചോദ്യം ചെയ്യലിന് അടുത്ത 5ദിവസം കൃത്യമായി വിജിലൻസ് ഓഫീസിൽ ഹാജരാകണമെന്ന ഉപാധിയോടെയാണ് മൂവാറ്റുപുഴ വിജിലൻസ് കോടതി കഴിഞ്ഞ ദിവസം ഇവർക്ക് ജാമ്യം അനുവദിച്ചിരുന്നത്. ഈ ജാമ്യവ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് ഇന്ന് രാവിലെ ഇവർ വിജിലൻസ് ഓഫീസിൽ എത്തിയത്. കേസിൽ ഫൊറൻസിക് പരിശോധനക്ക് അയച്ചിരിക്കുന്ന വസ്തുക്കളുടെ ഫലം ലഭിച്ചിട്ടില്ല. വൈകാതെ തന്നെ ഇത് ലഭിക്കുമെന്നാണ് വിവരം. ഇഡി അഡീഷണൽ ഡയറക്ടർ ശേഖർ കുമാറാണ് കേസിലെ ഒന്നാം പ്രതി. ശേഖറിനെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. മുൻകൂർ ജാമ്യാപേക്ഷയുമായി ഇയാൾ ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്.

കേസിന്റെ വിശദാംശങ്ങൾ സംബന്ധിച്ച് ഇഡിയോട് വിജിലൻസ് ഫയൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇഡി ഉദ്യോഗസ്ഥർ ഫയൽ കൈമാറിയിട്ടില്ല. ഇന്നോ നാളെയോ ഫയൽ കിട്ടിയേക്കുമെന്നാണ് വിവരം. എല്ലാ സത്യങ്ങളും വൈകാതെ തന്നെ പുറത്തുവരുമെന്നാണ് വിജിലൻസ് എറണാകുളം റേഞ്ച് എസ്പി എസ്. ശശിധരൻ പ്രതികരിച്ചത്. കേസിൽ പരാതിയുമായി ബന്ധപ്പെട്ട ഫയൽ നൽകാൻ ഇഡിക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. പ്രാഥമികമായി പരിശോധിച്ചപ്പോൾ വാസ്തവമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ബാക്കിയുള്ള കാര്യങ്ങൾ കൂടി കണ്ടെത്താനുള്ള ശ്രമം നടക്കുന്നുണ്ട് – എസ്പി കൂട്ടിച്ചേർത്തു.

## ഡിസിസി ഓഫീസിൽ പെരുമ്പാമ്പിൻകുഞ്ഞുങ്ങൾ

പത്തനംതിട്ട: പത്തനംതിട്ട ഡിസിസി ഓഫീസിൽ പെരുമ്പാമ്പിൻകുഞ്ഞുങ്ങൾ. കർഷക കോൺഗ്രസ് ജില്ലാ നേതൃയോഗത്തിനിടെയാണ് നേതാക്കളിലൊരാളുടെ കണ്ണിൽ പാമ്പുകൾ ശ്രദ്ധയിൽപ്പെട്ടത്.

ഉടൻതന്നെ വിവരം ഡിസിസി പ്രസിഡന്റ് പ്രൊഫ.സതീഷ് കൊച്ചുപറമ്പിലിനെ അറിയിച്ചു. കോന്നി വനംവകുപ്പ് ഓഫീസിൽ വിവരമറിയിച്ചതോടെ വനംവകുപ്പ് ജീവനക്കാർ ഡിസിസി ഓഫീസിലെത്തി. തുടർന്ന് മൂന്ന് പെരുമ്പാമ്പിൻ കുഞ്ഞുങ്ങളെ പ്രദേശത്തുനിന്ന് പിടികൂടി. പിന്നീട് അവയെ വനത്തിൽ വിട്ടു.

## ബംഗ്ലാദേശിൽ യൂനുസിന്റെ നാളുകൾ എണ്ണപ്പെട്ടു, വീണ്ടും കലാപാഹ്വാനം

ധാക്ക: അധികാരത്തിൽ നിന്ന് പുറത്താക്കപ്പെടുമെന്ന് ഏറെക്കുറെ വ്യക്തമായതോടെ രാജ്യത്ത് വീണ്ടും കലാപത്തിന് വഴിമരുന്നിട്ട് ബംഗ്ളാദേശിലെ ഇടക്കാല സർക്കാരിന്റെ മുഖ്യ ഉപദേശകനായ മുഹമ്മദ് യൂനുസ്. തിരഞ്ഞെടുക്കപ്പെട്ട സർക്കാരിന് മാത്രമേ രാജ്യത്തിന്റെ ഭാവി നിർണയിക്കാനാവൂ എന്നും അതിനാൽ ഡിസംബറിനകം രാജ്യത്ത് തിരഞ്ഞെടുപ്പ് നടത്തണമെന്നും സൈനിക മേധാവി ജനറൽ വാക്കർ ഉസ് സമൻ മുന്നറിയിപ്പ് നൽകിയതോടെയാണിത്. നേരത്തേ തന്നെ യൂനുസും സൈന്യവും തമ്മിലുള്ള ഭിന്നത രൂക്ഷമാണെന്ന തരത്തിൽ റിപ്പോർട്ടുകളുണ്ടായിരുന്നു.



തിരഞ്ഞെടുപ്പ് കഴിയുന്നത്ര നീട്ടിക്കൊണ്ടുപോയി അത്രയും കാലം അധികാരത്തിൽ തുടരാനാണ് യൂനുസിന്റെ പദ്ധതി. തിരഞ്ഞെടുപ്പ് നടന്നാൽ താൻ അധികാരത്തിൽ നിന്ന് പുറത്തുപോകേണ്ടിവരുമെന്നും ഒരു പക്ഷേ കാലാപാഹ്വാനങ്ങൾക്കടക്കം തടവിൽ കിടക്കേണ്ടിവരുമെന്നും യൂനുസിന് നല്ല ബോദ്ധ്യമുണ്ട്. അതിനാൽ വിദ്യാർത്ഥി നേതാക്കളെ ഇളക്കിവിട്ട് രാജ്യത്ത് വീണ്ടും പ്രക്ഷോഭം നടത്താനുള്ള തയ്യാറെടുപ്പിലാണ് യൂനുസ് എന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. വിദ്യാർത്ഥികൾക്കൊപ്പം യുവാക്കളെയും ഇസ്ലാമിസ്റ്റുകളെയും കരസേനാ മേധാവിക്കെതിരെ രംഗത്തിറക്കാനാണ് രഹസ്യനീക്കം.

## എപ്പോൾ ആത്മഹത്യ ചെയ്യുമെന്ന് ഐബി ഉദ്യോഗസ്ഥയോട് ആവർത്തിച്ച് ചോദിച്ചു; പ്രതിയുടെ ചാറ്റ് പുറത്ത്

തിരു: ഐബി ഉദ്യോഗസ്ഥ ആത്മഹത്യ ചെയ്ത സംഭവത്തിൽ പ്രതി സുകാന്തിന്റെ ഫോണിലെ ചാറ്റ് പൊലീസിന് ലഭിച്ചു. എപ്പോൾ ആത്മഹത്യ ചെയ്യുമെന്ന് സുകാന്ത് പെൺകുട്ടിയോട് ചോദിച്ചത് ചാറ്റിലുണ്ട്.

എപ്പോൾ ആത്മഹത്യ ചെയ്യുമെന്ന് സുകാന്ത് പെൺകുട്ടിയോട് ആവർത്തിച്ച് ചോദിക്കുകയാണ്. മരിക്കുമെന്ന് പെൺകുട്ടി മറുപടിയും നൽകി. പ്രതിയുടെ ടെലഗ്രാം ചാറ്റാണ് പുറത്തുവന്നത്. എനിക്ക് ഈ ഭൂമിയിൽ ജീവിക്കാൻ താത്പര്യമില്ലെന്ന് പെൺകുട്ടി യുവാവിനോട് പറഞ്ഞു. നീ ഒഴിഞ്ഞാലേ എനിക്ക് അവളെ വിവാഹം കഴിക്കാനാകൂവെന്ന് സുകാന്ത് മറുപടി നൽകി. തുടർന്ന് ഞാൻ എന്ത് ചെയ്യണമെന്ന് പെൺകുട്ടി ചോദിക്കുമ്പോൾ നീ പോയി ചാകണം, നീ എന്ന് ചാകുമെന്ന് ചോദിക്കുന്നു. ഓഗസ്റ്റ 9ന് മരിക്കുമെന്നായിരുന്നു പെൺകുട്ടിയുടെ മറുപടി. മാർച്ച് 24നാണ് തിരുവനന്തപുരം ചാക്കയ്ക്ക് സമീപം റെയിൽവേ പാളത്തിൽ ഐബി ഉദ്യോഗസ്ഥയെ മരിച്ച നിലയിൽ കണ്ടെത്തിയത്.

സഹപ്രവർത്തകനും സുഹൃത്തുമായിരുന്ന സുകാന്തുമായി പെൺകുട്ടി അടുപ്പത്തിലായിരുന്നു. സാമ്പത്തികമായും ശാരീരികമായും ചൂഷണം ചെയ്ത ശേഷം വിവാഹബന്ധത്തിൽ നിന്ന് സുകാന്ത് പിൻമാറിയതിന്റെ മാനസിക വിഷമത്തിലാണ് പെൺകുട്ടി ആത്മഹത്യ ചെയ്തതെന്നാണ് പൊലീസ് കേസ്.

പെൺകുട്ടി ഗർഭച്ഛിദ്രം നടത്തിയതിന്റെ തെളിവുകളും സുകാന്തും പെൺകുട്ടിയും തമ്മിലുള്ള വാട്സാപ്പ് ചാറ്റും ഉൾപ്പെടെ പൊലീസിന് ലഭിച്ചു. മരിക്കുന്നതിന് തൊട്ടുമുമ്പും സുകാന്തിനോടാണ് ഐ ബി ഉദ്യോഗസ്ഥ സംസാരിച്ചിരുന്നത്. സുകാന്തിന്റെ പങ്ക് പുറത്തുവന്നശേഷം ഇയാൾ ഒളിവിലാണ്. ഇയാളെ നേരത്തെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടിരുന്നു.

കോടതി ഇന്നലെ സുകാന്തിന്റെ അറസ്റ്റ് തടഞ്ഞിരുന്നു. തിങ്കളാഴ്ചവരെയാണ് സുകാന്തിന്റെ അറസ്റ്റ് തടഞ്ഞത്. തിങ്കളാഴ്ചയാണ് സുകാന്തിന്റെ മുൻകൂർ ജാമ്യാപേക്ഷയിൽ ഹൈക്കോടതി ഉത്തരവ് പറയുന്നത്. ബലാത്സംഗം, തട്ടിക്കൊണ്ടുപോകൽ തുടങ്ങിയ കുറ്റങ്ങളാണ് പേട്ട പൊലീസ് പ്രതിക്കെതിരെ ചുമത്തിയിട്ടുള്ളത്.

സുകാന്തിന്റെ ബന്ധുവിന്റെ ഉടമസ്ഥതയിലുള്ള ചാവക്കാട്ടെ വാടകമുറിയിൽനിന്നാണ് ഇയാളുടെ ഐഫോൺ പോലീസ് പിടിച്ചെടുത്തത്. ഒളിവിൽ പോകുന്നതിന് തലേദിവസം സുകാന്ത് ഈ മുറിയിൽ താമസിച്ചിരുന്നതായാണ് വിവരം. തുടർന്ന് പോലീസ് ഇവിടെ നടത്തിയ പരിശോധനയിൽ ഐഫോൺ കണ്ടെടുക്കുകയായിരുന്നു.

### കോടതി പരസ്യം

**ബഹു. കുന്നംകുളം കുടുംബ കോടതി മുമ്പാകെ**

MC: 106/2024

കുന്നംകുളം താലൂക്ക്, പെരുമ്പിലാവ് വില്ലേജ്, ദേശത്ത്, പി ഒ പെരുമ്പിലാവ്-680519 താമസക്കാർ

1) പുളിയംങ്കോട്ട് വളപ്പിൽ മുഹമ്മദ്കുട്ടി മകൾ സുഫി മോൾ പി എം 2) ഒന്നാം ഹരജിക്കാരിയുടെയും എതൃകക്ഷിയുടെയും മകൾ മൈനർ നെസ നെയിം

–ഹരജിക്കാർ

കുന്നംകുളം താലൂക്ക്, കരിക്കാട് വില്ലേജ്, ദേശത്ത് പി ഒ കരിക്കാട്, പിൻ–680519, മടപ്പാട്ടുപറമ്പിൽ കുഞ്ഞുമോൻ മകൻ നെയിം

– എതൃകക്ഷി

മേൽ നമ്പറിൽ എതൃകക്ഷിക്കുള്ള സമൻസ് പതിച്ചുനടത്താൻ അനുവദിച്ച് കേസ് 16–06–2025 തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു. ടി കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം കാലത്ത് 11 മണിക്ക് കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 15–05–2025
ഹരജിഭാഗം അഡ്വക്കെറ്റ്
**കെ എസ് ബിനോയ്** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ മുമ്പാകെ**

CC: 442/2023

രമേശൻ

–ഹരജിക്കാരൻ

ഇ എഫ് ജോൺസൺ, ഡയറക്ടർ, സബസ്ക്രൈബേഴ്സ് ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, പ്രസിഡൻസി ഷോപ്പിംഗ് കോംപ്ലക്സ്, പാറയിൽ ലൈൻ, പൂത്തോൾ പി ഒ., തൃശൂർ–680004

–8–ാം എതൃകക്ഷി

മേൽ നമ്പ്രിലെ 8–ാം എതൃ കക്ഷിക്കുള്ള സമൻസും നോട്ടീസും പതിച്ചുനടത്തുവാൻ കല്പിച്ച് 26–05–2025 തിയ്യതിക്ക് വെച്ചിരിക്കുന്നു. ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു.കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാകുന്നു.

എന്ന്, 18–05–2025
ഹരജിഭാഗം അഡ്വക്കെറ്റ്
**വിഷ്ണു കെ രമേഷ്** (ഒപ്പ്)


### ഇരിങ്ങാലക്കുട സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 594

ഇരിങ്ങാലക്കുട

**അറിയിപ്പ്**

ഇരിങ്ങാലക്കുട സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 594–ന്റെ മെയിൻ ബ്രാഞ്ചിൽ 21/01/2015 –ൽ അക്കൗണ്ട് നമ്പർ 24431 പ്രകാരം 50756/– രൂപ ജോസ്ലി എം ഫ്രാൻസിസ് D/o ഫ്രാൻസിസ്, മാളിയേക്കൽഹൗസ്, ഇരിങ്ങാലക്കുട എന്ന പേരിലുള്ള സ്ഥിര നിക്ഷേപ രശീതി തിരിച്ചു കിട്ടാത്ത വിധം നഷ്ടപ്പെട്ടുപോയതിനാൽ ആയതിന് ഡ്യൂപ്ലിക്കേറ്റ് രശീതിക്കായി ബാങ്കിൽ അപേക്ഷിച്ചിട്ടുണ്ട്. ആയതിന് ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ പരസ്യ തിയ്യതി മുതൽ 7 ദിവസത്തിനകം ബാങ്കിൽ അറിയിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം ആർക്കും ആക്ഷേപമില്ലെന്ന നിഗമനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു.

സെക്രട്ടറി



RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4





തൃശൂർ കോർപ്പറേഷനിലെ ലാലൂർ ഡിവിഷൻ ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ ഡോക്യുമെന്റഡ് സിറ്റിസൺ വാർഡാക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ച സിഐടിയു സംസ്ഥാന കമ്മിറ്റി അംഗം എ ഡി ജയന് സിഐടിയു സംസ്ഥാന കമ്മിറ്റി യോഗം അനുമോദനം നൽകി

## അമൃത ആശുപത്രിയിലെ ഡോക്ടർമാർ പങ്കെടുക്കുന്ന സൗജന്യ മെഡിക്കൽ ക്യാമ്പ് ജൂൺ 15ന് ഇരിങ്ങാലക്കുടയിൽ

ഇരിങ്ങാലക്കുട : എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസും, ഇരിങ്ങാലക്കുട കണ്ഠേശ്വരം ക്ഷേത്ര ഭരണസമിതിയും സംയുക്തമായി സംഘടിപ്പിക്കുന്ന സൗജന്യ മെഡിക്കൽ ക്യാമ്പ് ജൂൺ 15ന് രാവിലെ 8 മണി മുതൽ ഉച്ചക്ക് 1 മണി വരെ കണ്ഠേശ്വരം ക്ഷേത്രത്തിന്റെ ഊട്ടുപുരയിൽ വെച്ചു നടക്കും. ജനറൽ മെഡിസിൻ, ജനറൽ സർജറി, ഗൈനക്കോളജി, ശിശുരോഗം, നേത്രരോഗം, ദന്തരോഗം എന്നീ വിഭാഗങ്ങളിലെ വിദഗ്ദരായ ഡോക്ടർമാരുടെ സേവനം ഈ ക്യാമ്പിൽ ലഭ്യമായിരിക്കും.

ക്യാമ്പിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ പേര്, വയസ്സ്, കാണേണ്ട ഡോക്ടർമാർ എന്നീ വിവരങ്ങൾ സഹിതം ക്ഷേത്രം ഓഫീസിലോ, 97441 86819 (മനോജ് കുമാർ), 90484 72841 (മുരളി), 95392 81080 (ശ്രീജിത്ത്), 98463 30869 (ഷിജു) എന്നീ നമ്പറുകളിലോ ബന്ധപ്പെടണമെന്ന് ക്യാമ്പ് കോർഡിനേറ്റർ എൻ ആർ രതീഷ് (85478 97653) അറിയിച്ചു.

## ഇന്റേൺഷിപ്പ് പ്രോഗ്രാം



പുതൂർക്കര ദേശീയ വായനശാലയിൽ തൃശൂർ വിമല കോളേജിലെ എം എ മലയാളം ഇന്റേൺഷിപ്പ് പ്രോഗ്രാമിന്റെ ഭാഗമായി ഒരാഴ്ചക്കാലം റഫറൻസ് പുസ്തകങ്ങൾ ക്രമീകരിക്കുന്ന പ്രവർത്തി നിർവ്വഹിച്ച വിദ്യാർത്ഥികൾക്ക് വായനശാല സെക്രട്ടറി എം നന്ദകുമാർ പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നു. വനിതാവേദി അധ്യക്ഷ കെ രുഗ്മിണിടീച്ചർ സമീപം

## അമലയിൽ നഴ്സിംഗ് ബിരുദാനം



അമലനഗർ: അമല നഴ്സിംഗ് കോളേജിലെ ബിരുദദാനചടങ്ങിന്റെ ഉദ്ഘാടനം കേരള ആരോഗ്യസർവ്വകലാശാല വൈസ് ചാൻസലർ ഡോ.മോഹനൻ കുന്നുമ്മേൽ നിർവ്വഹിച്ചു.

ദേവമാതാ പ്രൊവിൻഷ്യാൾ ഫാ.ഡോ.ജോസ് നന്തിക്കര അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ.ജൂലിയസ് അറയ്ക്കൽ, അസോസിയേറ്റ് ഡയറക്ടർ ഫാ.ആൻറണി മണ്ണുമ്മൽ, പ്രിൻസിപ്പൾ ഡോ.രാജി രഘുനാഥ്, സിസ്റ്റർ ലിഖിത, സിസ്റ്റർ ലിത ലിസ്ബെത്ത്, ജിജി ജോസഫ്, അലീന മണ്ണലാൽ ജിജി എന്നിവർ പങ്കെടുത്തു. 52 പേർ ബിരുദവും 2 പേർ എം . എസ്.സി. ബിരുദവും സ്വീകരിച്ചു.

## ആർ ഐ സക്കറിയക്ക് ലയൺസ് ഓഫ് ദി ഇയർ പുരസ്കാരം



തൃപ്രയാർ: ലയൺസ് ക്ലബിന്റെ പരമോന്നത ബഹുമതിയായ മൾട്ടിപ്പിൾ ലയൺ ഓഫ് ദി ഇയർ പുരസ്കാരം സാംസ്കാരിക പ്രവർത്തകനും തൃപ്രയാർ ടെമ്പിൾ സിറ്റി ചാർട്ടർ പ്രസിഡണ്ടുമായ ആർ ഐ സക്കറിയ അർഹനായി.

ലയൺസ് ക്ലബ് പ്രസ്ഥാനത്തിന്റെ ഭാഗമായും പൊതു പ്രവർത്തകൻ എന്ന നിലയിലും വിദ്യാഭ്യാസ രംഗത്ത് ഭൗതിക സാഹചര്യമൊരുക്കൽ ആരോഗ്യ പ്രവർത്തനങ്ങൾ

സാമൂഹ്യബോധവല്കരണം സാംസ്കാരികം പ്രസാധനം ഭവനരഹിതർക്കായി പാർപ്പിടമൊരുക്കൽ നിർമ്മാണം തുടങ്ങി നിരവധി രംഗങ്ങളിൽ

നടത്തിയ പ്രവർത്തനങ്ങൾ കൂടി പരിഗണിച്ചാണ് സംസ്ഥാനത്തെ മികച്ച ലയൺ പ്രവർത്തകനുള്ള പുരസ്കാരം ആർ ഐ സക്കറിയയ്ക്ക് സമ്മാനിച്ചത്.

എറണാകുളം ഗോഗുലം കൺവെൻഷനിൽ നടന്ന സംസ്ഥാന തലത്തിലുള്ള ലയൺ വാർഷിക കൺവെൻഷനിൽ ലയൺ ഇന്റർ നാഷണൽ പാസ്റ്റ് ഡയറക്ടർ വി പി നന്ദകുമാർ പുരസ്കാരം സമ്മാനിച്ചു.

ടോണി എനോക്കാരൻ അദ്ധ്യക്ഷനായിരുന്നു പ്രസിഡണ്ട് സോൺ ചെയർമാൻ റീജിയൻ ചെയർമാൻ എന്നീ രംഗങ്ങളിലെ സേവനങ്ങൾക്ക് നിരവധി പുരസ്കാരങ്ങൾ ആർ ഐ സക്കറിയ നേരത്തെ അർഹനായിട്ടുണ്ട്

## ലൈബ്രറി കൗൺസിൽ എക്സ്ക്യൂട്ടീവ് കമ്മിറ്റിയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ഔദ്യോഗിക പാനലിന് വൻ വിജയം



ഇരിങ്ങാലക്കുട:ഏഴാം ലൈബ്രറി കൗൺസിൽ തെരഞ്ഞെടുപ്പിന്റെ ഭാഗമായി നടന്ന മുകുന്ദപുരം താലൂക്ക് ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി തെരഞ്ഞെടുപ്പിൽ ഔദ്യോഗിക പാനൽ വിജയിച്ചു.ആകെയുള്ള 132 വോട്ടർമാരിൽ 112 പേരാണ് വോട്ടുരേഖപ്പെടുത്തിയത്.എതിർ സ്ഥാനാർത്ഥികൾക്ക് 2ഉം,3ഉം വോട്ടുകൾ ആണ് ലഭിച്ചത്.ഔദ്യോഗിക പാനലിലെ സ്ഥാനാർത്ഥികൾക്ക് 111,112 വീതം വോട്ടുകൾ ലഭിച്ചു.

വിജയിച്ച സ്ഥാനാർത്ഥികൾ: 1) കെ.ജി.മോഹനൻ, 2) രാജൻ നെല്ലായി, 3)എം.ബി.രാജു, 4) വിനി.കെ.ആർ, 5) ദേവരാജൻ.എ.കെ, 6)ശശിധരൻ എം.കെ, 7) അർഷാദ്.കെ.എസ്, 8) ഷെറിൻ അഹമ്മദ്.കെ.എച്ച്, 9) സുരേഷ്കുമാർ.കെ.എൻ.

ജില്ലാ ലൈബ്രറി കൗൺസിൽ അംഗങ്ങളായി പാനലിലെ 7 പേരും നേരത്തേ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടിരുന്നു. പി.തങ്കം ടീച്ചർ,എം.രാജേഷ്, വി.എസ്.പ്രിൻസ്, ഡോ. കെ.രാജേന്ദ്രൻ,വത്സല ബാബു, ശാസത് ശർമ്മൻ.ഇ.ആർ, വിഷ്ണു.പി.എൻ എന്നിവരാണ് മുകുന്ദപുരം താലൂക്കിൽ നിന്നുള്ള ജില്ലാ ലൈബ്രറി കൗൺസിൽ അംഗങ്ങൾ. ഇരിങ്ങാലക്കുട ഉപ ജില്ലാ വിദ്യാഭ്യാസ ഉപജില്ലാ ഓഫീസർ ഡോ.എം.സി.നിഷ വരണാധികാരിയായിരുന്നു.വിജയിച്ച സ്ഥാനാർത്ഥികളെയും, മികച്ച ഭൂരിപക്ഷം സമ്മാനിച്ച താലൂക്ക് കൗൺസിൽ അംഗങ്ങളെയും തെരഞ്ഞെടുപ്പുകമ്മിറ്റി കൺവീനർ വി.എ.മനോജ്കുമാർ അഭിനന്ദിച്ചു.

## കണക്കൻകുളം കയർ ഭൂവസ്ത്രം വിരിച്ച് നവീകരിച്ചു



ഇരിങ്ങാലക്കുട : നഗരസഭ 5-ാം വാർഡിലെ കണക്കൻകുളം കയർ ഭൂവസ്ത്രം വിരിച്ച് നവീകരിച്ചു. നഗരസഭ ചെയർ പേഴ്സൻ മേരികുട്ടി ജോയ് ഉദ്ഘാടനം നിർവ്വഹിച്ചു.

വൈസ് ചെയർമാൻ ബൈജു കുറ്റിക്കാടൻ അദ്ധ്യക്ഷത വഹിച്ചു വിവിധ സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ മാരായ സി.സി. ഷിബിൻ, ഫെനി എബിൻ വെള്ളാനിക്കാരൻ ജെയ്സൺപാറേക്കാടൻ, നഗരസഭ സെക്രട്ടറി എം.എച്ച്. ഷാജിക്ക് എന്നിവർ സംസാരിച്ചു കയർ ഇൻസ്പെക്ടർ പി.കെ. പ്രിയ റിപ്പോർട്ട് അവതരിപ്പിച്ചു. കൗൺസിലർ അജിത് കുമാർ സ്വാഗതവും തൊഴിലുറപ്പ് ഉദ്യോഗസ്ഥൻ ടി.എസ്.സിജിൻ നന്ദിയും പറഞ്ഞു.

## ബാലൻ നിര്യാതനായി



കുന്നംകുളം: തെക്കേപ്പുറത്ത് വലിയപ്പുരക്കൽ ശങ്കരൻ മകൻ ബാലൻ (80) നിര്യാതനായി. സി.പി.ഐ.എം മുൻ ബ്രാഞ്ച് കമ്മറ്റി മെമ്പറായിരുന്നു. സഹോദരങ്ങൾ മുൻ നഗരസഭ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ വി.എസ്.പ്രശാന്തൻ, സതീഭായ്. സംസ്കാരം നഗരസഭ വാതകശ്മശാനത്തിൽ നടത്തപ്പെട്ടു.

## മനഃപ്പൂർവ്വമല്ലാത്ത നരഹത്യക്ക് ബസ് ഡ്രൈവർക്ക് 5 വർഷം തടവും 10 ലക്ഷംരൂപ പിഴയും

തൃശൂർ: അമിതവേഗതയിൽ സ്വകാര്യ ബസ് ഓടിച്ച് അപകടമുണ്ടാക്കിയതിനെത്തുടർന്ന് രണ്ടു യുവാക്കൾ മരണപ്പെട്ട കേസിൽ പ്രതിയായ ബസ് ഡ്രൈവർക്ക് 5 വർഷം തടവും 10 ലക്ഷം രൂപ പിഴയും തൃശ്ശൂർ മൂന്നാം അഡീഷണൽ സെഷൻസ് ജഡ്ജ് കെ.എം. രതീഷ് കുമാർ ശിക്ഷ വിധിച്ചു.

ഡ്രൈവറായ പഴയന്നൂർ കോടത്തൂർ ദേശത്ത് തോട്ടുംകര പുന്നക്കൽ വീട്ടിൽ മണി മകൻ മനോജ്(39) എന്നയാളെയാണ് മനഃപ്പൂർവ്വമല്ലാത്ത നരഹത്യാക്കുററം ചുമത്തി കോടതി ശിക്ഷിച്ചത്. അമിതവേഗതയിൽ അശ്രദ്ധമായി വാഹനമോടിച്ചതിനും ശിക്ഷ വിധിച്ചിട്ടുണ്ട്.

പിഴയടച്ചില്ലെങ്കിൽ 2 വർഷം കൂടുതൽ തടവ് അനുഭവിക്കണം. പിഴയടക്കുന്ന പക്ഷം പിഴത്തുക മരണപ്പെട്ടവരുടെ അനന്തരവകാശികൾക്ക് തുല്യമായി നൽകുന്നതിനും വിധിയിൽ പ്രസ്താവിച്ചിട്ടുണ്ട്.

2010 ഡിസംബർ മാസം 15-ാം തീയതി പകൽ 8.30 മണിയ്ക്ക് ഒല്ലൂക്കരക്കടുത്ത് ആറാം കല്ലിൽ വെച്ചാണ് അപകടം നടന്നത്. സംഭവദിവസം അമിതവേഗതയിൽ ഓടിച്ചു വന്ന സ്വകാര്യ ബസ് ഹെഡ് ലൈറ്റിട്ട് മറ്റൊരു വാഹനത്തെ ഓവർടേക്ക് ചെയ്യുമ്പോഴാണ് എതിരെ ബൈക്കിൽ വരികയായിരുന്ന യുവാക്കളെ ഇടിച്ചത്. അപകടത്തെത്തുടർന്ന് ഗുരുതരമായി പരിക്കേറ്റ പീച്ചി വില്ലേജിൽ വെറ്റിലപ്പാറ ദേശത്ത് കുന്നത്തുവീട്ടിൽ രാമകൃഷ്ണൻ മകൻ രാഖിൽകുമാർ 21 വയസ്സ്, ടി ദേശത്ത് അകവൂർ വീട്ടിൽ രവി മകൻ രാകേഷ് 25 വയസ്സ് എന്നിവർ അന്നുതന്നെ മരണപ്പെടുകയായിരുന്നു.

കേസിൽ പ്രോസിക്യൂഷൻ ഭാഗത്തുനിന്നും 15 സാക്ഷികളെ വിസ്തരിക്കുകയും 24 രേഖകൾ ഹാജരാക്കുകയും ചെയ്തു. സംഭവ സമയത്ത് ബസ്സിൽ ജോലിചെയ്തിരുന്ന കണ്ടക്ടർ മൊഴിമാറ്റി പറഞ്ഞുവെങ്കിലും സംഭവത്തിന്റെ ദൃക്സാക്ഷിയുടെ മൊഴിയുടേയും പ്രോസിക്യൂഷൻ ഭാഗത്തുനിന്ന് ഹാജരാക്കിയ ശക്തമായ തെളിവുകളുടെയും മറ്റു സാക്ഷിമൊഴികളുടേയും അടിസ്ഥാനത്തിൽ പ്രതി കുറ്റക്കാരനാണെന്ന് തെളിയിക്കാൻ പ്രോസിക്യൂഷന് സാധിച്ചു.

രണ്ടു യുവാക്കളെ കൊലപ്പെടുത്തിയ പ്രതി യാതൊരു ദയയും അർഹിക്കുന്നില്ലെന്ന പ്രോസിക്യൂഷൻ വാദം അംഗീകരിച്ചാണ് പ്രതിക്ക് കോടതി ശിക്ഷ വിധിച്ചത്.

ഒല്ലൂർ സർക്കിൾ ഇൻസ്പെക്ടർ ആയിരുന്ന വി.കെ. രാജു, എം. കൃഷ്ണൻ എന്നിവരാണ് കേസന്വേഷണം നടത്തിയത്. കോടതി നടപടികളിൽ പ്രോസിക്യൂഷനെ സഹായിച്ചത് സീനിയർ സിവിൽ പോലീസ് ഓഫീസറായ മണികണ്ഠൻ കെ. സിവിൽ പോലീസ് ഓഫീസർ വിനീത്കുമാർ സി.വി. എന്നിവരാണ്. പ്രോസിക്യൂഷന് വേണ്ടി തൃശ്ശൂർ അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ കെ.എൻ സിനിമോൾ ഹാജരായി.

## വാർത്താച്ചുരുക്കം

- ആയൂർ വേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ സംസ്ഥാന സമ്മേളനം 23, 24, 25 തീയതികളിൽ വിപുല പരിപാടിക ., ളോ ടെ റീജിയണൽ തിയ്യറ്ററിൽ നടക്കും
- കുട്ടനെല്ലൂർ റീജൻസി ക്ലബിൽ വനിതാ വിഭാഗം ഒരുക്കുന്ന പ്രദർശനം - വിപണനമേള 24ന് നടക്കും. ക്ലബ് വാർഷികാഘോഷം 23,24,25 തീയതി കളിൽ വിപുല പരിപാടികളോടെ നടക്കും
- കോളങ്ങാട്ടുകര തേങ്ങാതൃക്കോവ് ശ്രീലക്ഷ്മി വരാഹമൂർത്തി ക്ഷേത്രത്തിൽ ശ്രീമദ് ഭാഗവതസപ്താഹയജ്ഞം 25 മുതൽജൂൺ ഒന്ന് വരെ നടക്കും
- CPI തൃശൂർ ജില്ലാ കൗൺസിൽ സംഘടിപ്പിക്കുന്ന പാർട്ടി നൂറാം വാർഷികാഘോഷം 27 മുതൽ 30 വരെ നടക്കും, ടൗൺഹാൾ, തെക്കെ ഗോപുരനട എന്നിവിടങ്ങളിലാണ്പരിപാടകൾ

## നിര്യാതനായി

### രാജു



വലപ്പാട്: ഏങ്ങൂർ പരേതനായ ബാലകൃഷ്ണൻമകൻ രാജു (76) അന്തരിച്ചു. ഭാര്യ :ലത. മക്കൾ: ലജു(കുവൈറ്റ്),ഉണ്ണികൃഷ്ണൻ(ഖത്തർ). മരുമക്കൾ: രേഷ്മ, അനു. സഹോദരങ്ങൾ:ഭരതൻ, ഘോഷ്,സദു(ചെയർമാൻ, കളിമണ്ഡലം,തൃപ്രയാർ), പ്രൊഫ: ദേവദാസ്(റിട്ടയേഡ് അധ്യാപകൻ,വൈദ്യരത്നം ആയുർവേദ കോളേജ് ഒല്ലൂർ) പരേതനായ അഡ്വ. ശാന്തി സാഗർ. സംസ്കാരം വെള്ളിയാഴ്ച (23.5.25) രാവിലെ 12 മണിക്ക് വീട്ടുവളപ്പിൽ.

## അഡ്വ. ടി ഐ സേവിയർ ആർജെഡി പ്രസിഡണ്ട്



പുതുക്കാട്: രാഷ്ട്രീയ ജനതാദൾ ആർ ജെ ഡി പുതുക്കാട് നിയോജകമണ്ഡലം പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട അഡ്വക്കെറ്റ് ടി ഐ സേവിയർ. പുതുക്കാട് പഞ്ചായത്തിലെ ചെങ്ങാലൂർ സ്വദേശിയും തോട്ടിയാൻ കുടുംബാംഗവുമാണ് 3 ദശാബ്ദത്തിൽ അധികമായി രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക സാമുദായിക രംഗങ്ങളിൽ സജീവ സാന്നിധ്യമാണ് ഇരിങ്ങാലക്കുട-തൃശ്ശൂർ കോടതികളിലും-എറണാകുളം ഹൈക്കോടതിയിലും മറ്റു കോടതികളിലും പ്രാക്ടീസ് ചെയ്തു വരുന്ന പ്രമുഖ അഭിഭാഷകനാണ്. ഇൻകം ടാക്സ് സെയിൽ ടാക്സ് തുടങ്ങിയ മേഖലകളിലും അഭിഭാഷകൻ എന്ന നിലക്ക് മികവ് തെളിയിച്ചിട്ടുള്ളതാണ്. ഭാര്യ അഡ്വ.ആൽഫി സേവിയർ തൃശ്ശൂർ എം എ സി ടി കോടതിയിൽ കെഎസ്ആർടിസി സ്റ്റാൻഡിങ് കൗൺസിലർ ആയിരുന്നു. മക്കൾ-സാവിയോ സേവിയർ, ഡാനി സേവിയർ. മാള ലോ കോളേജിൽ നാലാം വർഷ നിയമ വിദ്യാർത്ഥികളാണ്.